**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **02-02-2026 - ൽ മറുപടിയ്ക്ക്**

**മീനച്ചിലാർ മീനന്തറയാർ നദീതട പദ്ധതി സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മീനച്ചിലാർ മീനന്തറയാർ നദീതട പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | **പുഴകളുടെ പുനരുജ്ജീവനത്തിനും തണ്ണീർതടപരിപാലനത്തിനുമായി 2018-2019 ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 118 പ്രകാരം 20 കോടി രൂപയും 2019-20 ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 47 പ്രകാരം 25 കോടി രൂപയും വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മീനച്ചിൽ മീനന്തറ കൊടൂരാറിന്റെ പുനരുജ്ജീവനത്തിനായി 500 ലക്ഷം രൂപയുടെ DPR ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.**<br><br>**മീനച്ചിലാർ - മീനന്തറയാർ- കൊടൂരാർ പദ്ധതിക്ക് സഹായമാകുന്ന രീതിയിൽ ജലവിഭവ വകുപ്പിൽ നിന്നും മൈനർ ഇറിഗേഷന് അനുവദിച്ച പ്ലാൻ, നോൺ പ്ലാൻ ഫണ്ടിൽ നിന്നും 2,14,69,785/- രൂപ അനുവദിക്കുകയും 1,53,00,466/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ ടെണ്ടർ നടപടികൾ കൈക്കൊണ്ട് പൂർണ്ണമായും മൈനർ ഇറിഗേഷൻ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്.** |
| (ബി) | 2019-20 ലെ സംസ്ഥാന ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 47 ൽ നദി പുനരുജ്ജീവനത്തിനും നദീതടവികസനത്തിനുമായി 25 കോടി രൂപ വകയിരുത്തിയതിൽ മീനച്ചിലാർ - കൊടൂരാർ- മീനന്തറയാർ- പദ്ധതിയ്ക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതി ഏത് ഏജൻസിവഴിയാണ് നടപ്പിലാക്കിയതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |
| (സി) | പ്രസ്തുത പദ്ധതി 2016 മുതൽ നാളിതുവരെ ഏതൊക്കെ ഏജൻസികൾ വഴിയാണ് നടപ്പിലാക്കിയതെന്നും ഏജൻസികളുടെ കണക്കുകൾ/ പ്രവർത്തനങ്ങൾ ഓഡിറ്റിനു വിധേയമാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | **മറുപടി (എ) പിരിവിൽ ചേർത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം മാറ്റുന്ന മണ്ണ്/ മണൽ ലേലത്തിൽ വിറ്റ വകയിൽ സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | **പ്രസ്തുത പദ്ധതി പ്രകാരം മണൽ ലേലം ചെയ്തിട്ടില്ല.** |

സെക്ഷൻ ഓഫീസർ